# കേരള സർവകലാശാല

നം.പി.ആർ.187/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ (2008 സ്കീം) "ഒബ്ജക്റ്റ് ഓറിയന്റഡ് പ്രോഗ്രാമിങ്ങ് ലാബ്", "ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഡവല പ്മെന്റ് ലാബ്", പ്രാക്ടിക്കൽ യഥാക്രമം സെപ്റ്റംബർ 3, 5 തീയതികളിൽ ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്, തിരുവനന്തപുരത്ത് നടത്തുന്നതാണ്. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ.

### ഹാൾടിക്കറ്റ്

ഒന്നാം സെമസ്റ്റർ 2000 സ്കീം – ഫുൾടൈം, ഒന്ന്, മൂന്ന്, നാല്, അഞ്ച് എന്നീ സെമസ്റ്ററുകളുടെ (2000 സ്കീം – പാർട്ട് ടൈം), ഒന്ന്, മൂന്ന്, നാല്, അഞ്ച് എന്നീ സെമസ്റ്ററുകളുടെ (2003 സ്കീം – ഈവ നിംഗ്), ഒന്ന്, രണ്ട് എന്നീ സെമസ്റ്ററുകളുടെ (2006 സ്കീം – പാർട്ട് ടൈം) എന്നീ മേഴ്സിചാൻസ് എം. ബി.എ ഡിഗ്രി പരീക്ഷകളുടെ ഹാൾടിക്കറ്റ് സെപ്റ്റംബർ 3 മുതൽ സർവകലാശാലയിൽ നിന്നും കൈപ്പറ്റേണ്ടതാണ്. പരീക്ഷാകേന്ദ്രം ഐ.എം.കെ കാര്യവട്ടം കാമ്പസ്.

### സ്പെഷ്യൽ ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം മൂന്നാം സെമസ്റ്റർ ബി.എ ഇക്കണോമിക്സ് ഫൗണ്ടേഷൻ കോഴ്സ് ഇൻഫൊമാറ്റിക്സ് പ്രാക്ടിക്കൽ ക്ലാസുകളിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന വിദ്യാർത്ഥി കൾക്കായി സെപ്റ്റംബർ 6 ന് പാളയം എസ്.ഡി.ഇ കമ്പ്യൂട്ടർ ലാബിൽ വെച്ച് സ്പെഷ്യൽ ക്ലാസ് നട ത്തുന്നതാണ്.

### പരീക്ഷാഫലം

2019 മേയിൽ നടന്ന രണ്ടാം വർഷ ബി.ബി.എ (ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ) പരീ ക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം.

### പരീക്ഷാഫീസ്

സെപ്റ്റംബർ 23 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (മൂന്ന് വർഷം) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ട വിദ്യാർത്ഥികളിൽ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 7 വരെ പിഴ കൂടാതെ അപേക്ഷിക്കാവുന്നതാണ്.

# കെ മാറ്റ് കേരള 2020

കേരളത്തിലെ എല്ലാ സർവകലാശാലകളിലേക്കും, സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും 2020 അദ്ധ്യയന വർഷത്തെ എ.ബി.എ പ്രവേശനത്തിന് അർഹത നേടുന്നതിന് വേണ്ടിയുള്ള പ്രവേശന പരീക്ഷയായ കെ മാറ്റ് കേരള, 2019 ഡിസംബർ 1 ന് നടത്തുന്നതാണ്. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) ന്റെ ആഭിമുഖ്യത്തിലും പ്രവേശന മേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലുമാണ് കെ മാറ്റ് കേരള 2020 നടത്തുന്നത്. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനും വിശദ വിവരങ്ങൾക്കും **kmatkerala.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2019 നവംബർ 10 വൈകുന്നേരം 4 മണി. അപേക്ഷാഫീസ്: ജനറൽ വിഭാഗത്തിന് 1000 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 750 രൂപയും ആണ്. കെമാറ്റ് കേരള, സിമാറ്റ്, ക്യാറ്റ് എന്നീ പ്രവേശന പരീക്ഷകളിൽ ഏതെങ്കിലും ഒന്നിൽ അർഹത നേടുന്നവർക്ക് മാത്രമേ കേരളത്തിലെ എല്ലാ സർവകലാശാലകളിലും അതിനു കീഴിലുള്ള എം.ബി.എ കോളേജുകളിലും പ്രവേശനം ലഭിക്കുകയുള്ളൂ. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും കെ മാറ്റ് കേരള 2020 പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. സംശയ നിവാരണങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കുമായി പ്രവേശന മേൽനോട്ട സമിതിയുടെ തിരുവനന്തപുരം ഓഫീസിലെ 0471 – 2335133 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം.
30.08.2019



പബ്ലിക് റിലേഷൻസ് ഓഫീസർ